**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2695** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഇ-വേ ബിൽ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇ-വേ ബിൽ ഏർപ്പെടുത്തുന്നത് ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഇ-വേബിൽ ഏർപ്പെടുത്തുന്നത് ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വർണ്ണത്തിന്റെ കാര്യത്തിൽ രജിസ്റ്റേർഡ് ടാക്സ്പെയേഴ്സ് നിശ്ചിത തുകയിൽ കൂടുതൽ മൂല്യമുള്ള ചരക്ക നീക്കത്തിന് മാത്രം ഇ-വേബിൽ എടുത്താൽ മതിയാകും. സുരക്ഷാപ്രശ്നങ്ങൾ മുൻനിർത്തി നിലവിൽ വാഹനങ്ങളുടെ വിവരം ഇ-വേ ബില്ലിൽ രേഖപ്പെടുത്തേണ്ടതില്ല. |
| (ബി) | എത്ര രൂപയ്ക്ക് മുകളിൽ വില വരുന്ന സ്വർണ്ണത്തിനാണ് ഇ-വേ ബിൽ നിർബന്ധമാക്കാൻ തീരുമാനിച്ചിട്ടുള്ളത്; രജിസ്റ്റേർഡ് വ്യാപാരികൾക്ക് മാത്രമായി ഇ-വേ ബിൽ പരിമിതപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | **കേന്ദ്ര ജി എസ് ടി ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം രണ്ടു ലക്ഷമോ അല്ലെങ്കിൽ സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന രണ്ടു ലക്ഷത്തിനു മുകളിൽ വരുന്ന തുകയ്ക്കോ ഉള്ള സ്വർണ്ണത്തിന്റെയും മറ്റു വിലപിടിപ്പുള്ള രത്നങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങൾക്ക് മാത്രം ഇ-വേബിൽ നിർബന്ധമാക്കിയിട്ടുണ്ട്. കേന്ദ്ര ജി എസ് ടി ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ പ്രകാരം രജിസ്റ്റേർഡ് ടാക്സ്പെയേഴ്സ് ആണ് ഇ-വേബിൽ നിർബന്ധമായും എടുക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട സംസ്ഥാന ചരക്കു സേവന നികുതി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ